"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച് റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പൂർത്തീകരിച്ച പ്രവൃത്തികളുടെ അന്തിമ ബിൽ തുക അനുവദിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് മൂന്ന് കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.145/2026/DMD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:- 1. 02.04.2025 ലെ സ.ഉ.(സാധാ) നം.207/2025/DMD

2. എറണാകുളം ജില്ലാ കളക്ടറുടെ 23.12.2025 തീയതിയിലെ JD/LSGD/EKM/1115/2024-F3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടി സംസ്ഥാന ദുരന്തനിവാരണ പ്രതികരണനിധിയുടെ "2245-02-106-99-F Restoration of damaged roads" എന്ന ശീർഷകത്തിലേക്ക് എറണാകുളം ജില്ലയ്ക്ക് 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. അനുവദിച്ച തുകയിൽ ₹98,61,457/- രൂപ (തൊണ്ണൂറ്റി എട്ട് ലക്ഷത്തി അറുപത്തി ഒന്നായിരത്തി നാനൂറ്റി അമ്പത്തി ഏഴ് രൂപ മാത്രം) വിനിയോഗിച്ചിട്ടുള്ളതാണെന്നും നിലവിൽ പൂർത്തീകരിച്ച നിരവധി പ്രവൃത്തികളുടെ അന്തിമ ബിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ടി പ്രവൃത്തികൾക്ക് തുക നൽകേണ്ടതിനായി 2245-02-106-99-F Restoration of damaged roads എന്ന ശീർഷകത്തിലേക്ക് 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) അനുവദിക്കണമെന്നും എറണാകുളം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടി സംസ്ഥാന ദുരന്തനിവാരണ പ്രതികരണനിധിയുടെ 2245-02-106-99-F Restoration of damaged roads എന്ന ശീർഷകത്തിലേക്ക് പൂർത്തീകരിച്ച നിരവധി പ്രവൃത്തികളുടെ അന്തിമ ബിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ടി പ്രവൃത്തികൾക്ക് തുക നൽകേണ്ടതിനായി 2245-02-106-99-F Restoration of damaged roads എന്ന ശീർഷകത്തിൽ നിന്നും 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3) നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക

വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, എറണാകുളം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 12-03-2026 17:03:46**
സെക്ഷൻ ഓഫീസർ